(സി) തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ കോൺട്രാക്ട് വ്യവസ്ഥയിൽ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽരഹിതർക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ

42 [2911] ശ്രീ. രാജു എബ്രഹാം:
,, കെ. രാധാകൃഷ്ണൻ:
,, കെ. കെ. ജയചന്ദ്രൻ:
,, ടി. കെ. ദേവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ബഡ്ജറ്റുകൾ വഴി ഏതെല്ലാം പദ്ധതികൾ തൊഴിൽ രഹിതർക്ക് പ്രത്യേകമായി പ്രഖ്യാപിക്കുകയുണ്ടായി;

(ബി) ഇവയിൽ ഇപ്പോഴും നടപ്പാക്കാൻ കഴിയാത്തവ ഏതൊക്കെ;

(സി) ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ വഴി പുതുതായി എത്ര പേർക്ക് സ്ഥിരം തൊഴിൽ നൽകുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ – സി) വ്യാവസായിക പുരോഗതിക്കും മെച്ചപ്പെട്ട തൊഴിലാളി-തൊഴിലുടമാ ബന്ധവും ലക്ഷ്യമാക്കിയുള്ള ഒരു തൊഴിൽ നയത്തിന് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കി വികസിപ്പിക്കുന്നതിനും അതിന്റെ ഭാഗമായി കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യമാണ് ഇതുമൂലം സാക്ഷാൽക്കരിക്കപ്പെടുന്നത്.

തൊഴിൽ രഹിതർക്ക് നേരിട്ട് നിയമനം നടത്തി തൊഴിൽ നൽകുക എന്ന രീതിയിലുള്ള പദ്ധതികൾ തൊഴിൽ വകുപ്പിന്റെ പ്രവർത്തന പരിധിയിൽ വരുന്നില്ല.

തൊഴിൽ രഹിതർക്ക് ചില പ്രത്യേക പദ്ധതികൾ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു പദ്ധതിയാണ് ''തൊഴിൽ രഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി'' അഥവാ 'കെസ്റു' ഈ പദ്ധതിയനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 20-നും 40-നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവജനങ്ങൾക്ക് 20% സബ്സിഡിയോടെ 1,00,000 രൂപാവരെ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 2621 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ നിയമങ്ങൾ ലംഘിച്ചവർക്കെതിരെ എടുത്ത കേസുകൾ

43 [2912] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ നിയമങ്ങൾ ലംഘിച്ചവർക്കെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly